"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി -കെട്ടിട നിർമ്മാണത്തിനായി സാധാരണ മണ്ണ് നീക്കം ചെയ്തതിന മൈനിംഗ് &ജിയോളജി വകുപ്പിൽ നിന്നും ചുമത്തിയ പിഴ ഒഴിവാക്കി നൽകണമെന്നാവശ്യപ്പെട്ട് ശ്രീ.മുഹമ്മദ് അഫ്സൽ, അസ്കർ മൻസിൽ,കാലിച്ചാനടുക്കം, തായന്നൂർ, കാസർഗോഡ് സമർപ്പിച്ച അപേക്ഷ- തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ വകുപ്പ്**

G.O.(Rt)No.600/2026/ID തീയതി,തിരുവനന്തപുരം, 22-05-2026

---

പരാമർശം:-

1. കാസർഗോഡ് ജില്ലാ ജിയോളജിസ്റ്റിന്റെ 14/10/2025 140/2025-26/DOKAS-DMG/1854/2024-M നമ്പർ നടപടിക്രമം
2. ശ്രീ.മുഹമ്മദ് അഫ്സൽ, അസ്കർ മൻസിൽ,കാലിച്ചാനടുക്കം, തായന്നൂർ, കാസർഗോഡ് സമർപ്പിച്ച അപ്പീൽ അപേക്ഷ
3. കാസർഗോഡ് ജില്ലാ ജിയോളജിസ്റ്റിന്റെ 21/01/2026 ലെ DOKAS-DMG/1854/2024-M നമ്പർ റിപ്പോർട്ട്
4. കോടംബേളൂർ ഗ്രാമപഞ്ചായത്തിന്റെ 27/4/2026 ലെ 3732926 -26 നമ്പർ പെർമിറ്റ് റദ്ദാക്കൽ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിലെ തായന്നൂർ വില്ലേജിലെ റി.സർവ്വെ നമ്പർ 448/1APT5762 ൽ പ്പെട്ടതും ശ്രീ.മുഹമ്മദ് ഷംസീർ.എ, 1/0 മുസ്തഫ, സീനത്ത് മൻസിൽ, തായന്നൂർ പി.ഒ, കാസറഗോഡ് എന്നയാളുടെ കൈവശാവകാശത്തിലുള്ളതുമായ സ്ഥലത്ത് കെട്ടിട നിർമ്മാണാവശ്യാർത്ഥം 2932 ക്യൂബിക് മീറ്റർ സാധരാണ മണ്ണ് നീക്കം ചെയ്യുന്നതിന് കോടോം-ബേളൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ബിൽഡിംങ് പെർമിറ്റ്, ഡെവലപ്പ്മെൻറ് പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ മിനറൽ ട്രാൻസിറ്റ് പാസ്സുകൾ അനുവദിച്ചിരുന്നുവെന്നും സ്ഥലപരിശോധനാവേളയിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം നടത്തിയതായി അറിയിക്കാത്തതിന്റെ അടിസ്ഥാനത്തിൽ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(7) പ്രകാരം 2932ക്യൂബിക് മീറ്റർ സാധാരണ മണ്ണിന് ക്യൂബിക് മീറ്ററിന് 40 രൂപ നിരക്കിൽ റോയൽറ്റിയുടെ 5 മടങ്ങ് തുകയായ 5,86,400/- രൂപ സർക്കാരിലേക്ക് ഈടാക്കുന്നതിന് പരാമർശം (1) പ്രകാരം നൽകിയ ഡിമാന്റ് നോട്ടീസിനെതിരെയാണ് പരാമർശം (2) പ്രകാരം ശ്രീ.മുഹമ്മദ് അഫ്സൽ സമർപ്പിച്ച അപ്പീൽഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ അഡീഷണൽ സെക്രട്ടറി അപ്പീൽ കക്ഷിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 21/04/2026-ന് നേരിൽ കേട്ടു.

2) ഹിയറിംഗ് വേളയിൽ വീട് വെയ്ക്കുവാൻ ഉദ്ദേശിച്ച സ്ഥലത്തിലൂടെ ഉഡുപ്പി-കരിന്തളം

ഇലക്ട്രിക് ലൈൻ കടന്നുപോകുന്നതിനാൽ ആണ് കെട്ടിടം നിർമ്മാണം നടത്താതിരുന്നതെന്നും, ഉഡുപ്പി കാസറഗോഡ് ട്രാൻസ്മിഷൻ ലൈൻ കടത്തി വിടുന്നതിനായി 2023 ൽ നടത്തിയ സർവ്വേ പ്രകാരം അലൈൻമെൻ്റ് മാർക്ക് ചെയ്തിട്ടുള്ളതാണെന്ന് അറിയിച്ച് ജില്ലാ കളക്ടർ 04/06/2025-ലെ DCKSGD/999/2025-L1 കത്തിലൂടെ കക്ഷിയെ അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ അടിത്തറ കെട്ടാത്തതിന് ഡിമാന്റ് ചെയ്തിരിക്കുന്ന പിഴത്തുകയിൽ നിന്നും ഒഴിവാക്കി നൽകണമെന്നും ഹർജിക്കക്ഷി അറിയിച്ചു.

3) അപ്പീൽ പെററിഷന്മേൽ കാസർഗോഡ്ജില്ലാ ജിയോളജിസ്റ്റ് പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിലെ തായന്നൂർ വില്ലേജിലെ റി.സർവ്വെ നമ്പർ 448/1APT5762 ൽ പ്പെട്ടതും ശ്രീ.മുഹമ്മദ് ഷംസീർ.എ, 1/0 മുസ്തഫ, സീനത്ത് മൻസിൽ, തായന്നൂർ പി.ഒ, കാസറഗോഡ് എന്നയാളുടെ കൈവശാവകാശത്തിലുള്ളതുമായ സ്ഥലത്ത് കെട്ടിട നിർമ്മാണാവശ്യാർത്ഥം 2932 ക്യൂബിക് മീറ്റർ സാധരാണ മണ്ണ് നീക്കം ചെയ്യുന്നതിന് കോടോം-ബേളൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ബിൽഡിംങ് പെർമിറ്റ്, ഡെവലപ്പ്മെൻറ് പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ മിനറൽ ട്രാൻസിറ്റ് പാസ്സുകൾ അനുവദിച്ച് ഉത്തരവായിരുന്നു ജിയോളജി ആഫീസിൽ നിന്നും നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ലഭ്യമാകുന്ന സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് മിനറൽ ട്രാൻസിറ്റ് പാസ്സുകൾ അനുവദിച്ചതിന്റെ മറവിൽ കോടോം-ബേളൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ഡെവലപ്പ്മെൻറ് പ്ലാൻ പ്രകാരമുള്ള അളവിൽ കൂടുതലായി സാധാരണ മണ്ണ് നീക്കം ചെയ്ത് കടത്തികൊണ്ടുപോയതായി കാണപ്പെട്ടു പരിശോധനാവേളയിൽ ടി സ്ഥലത്ത് കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം നടത്തിയതായി കണ്ടില്ല. ഈ ആഫീസിൽ നിന്നും നൽകിയ അനുമതിയുടെ മറവിൽ കൂടുതൽ അളവിൽ മണ് നീക്കം ചെയ്തതിന് കാരണം വല്ലതും അറിയിക്കുവാനുണ്ടെങ്കിൽ ആയത് അറിയിക്കുന്നതിന് കാരണം കാണിക്കൽ നോട്ടീസ്" നൽകിയിരുന്നതിൽ ഹർജിക്കക്ഷി മറുപടിയൊന്നും സമർപ്പിക്കാത്ത സാഹചര്യത്തിൽ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(7), 14(8) എന്നിവ പ്രകാരം 4080 ക്യൂബിക് മീറ്റർ (2932+1148) സാധാരണ മണ്ണിന് ക്യൂബിക് മീറ്ററിന് 40 രൂപ നിരക്കിൽ റോയൽറ്റിയുടെ 5 മടങ്ങ് തുകയായ 8,16,000/- രൂപ സർക്കാരിലേക്ക് ഈടാക്കുന്നതിന് ഡിമാൻറ് നോടീസ് നൽകിയിരുന്നു ആയതിന് 11.12.2024 തീയതിയിൽ സമർപ്പിച്ച മറുപടിയിൽ ടി സ്ഥലത്തിലൂടെ ഉഡുപ്പി കരിന്തളം ഇലക്ട്രിക് ലൈൻ കടന്നുപോകുന്നതിനാൽ കെട്ടിടം നിർമ്മിക്കുവാൻ സാധിച്ചിട്ടില്ലാ യെന്നറിയിച്ചിരുന്നു. എന്നാൽ ആയത് സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയിരുന്നില്ല. തുടർന്ന് 08.01.2025 തീയതിയിൽ അപേക്ഷകനെ കേൾക്കാൻ തീരുമാനിക്കുകയും ഹിയറിംങ് നോട്ടീസ് നൽകുകയും ചെയ്തിരുന്നു ഹിയറിംങിൽ അപേക്ഷകനു വേണ്ടി ശ്രീ.മുഹമ്മദ് അഫ്സൽ എന്നയാൾ ഹാജരാകുകയും സ്ഥലം താലൂക്ക് സർവ്വേയർ മുഖാന്തിരം അളന്ന് തിട്ടപ്പെടുത്തണമെന്നും അറിയിച്ചിരുന്നു ആയതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് സർവ്വേയറുടെ സേവനം ആവശ്യപ്പെട്ട് 25.01.2025 തീയതിയിൽ വെള്ളരിക്കുണ്ട് തഹസിൽദാർക്ക് കത്ത് നൽകിയതിൽ, ടി സ്ഥലം അളന്ന് തിട്ടപ്പെടുത്തി 18.02.2025 തീയതി ജില്ലാ ആഫീസിനെ അറിയിച്ചിരുന്നു

1. സർവെയറുടെ അളവ് പ്രകാരം നീളം 40.6 മീറ്റർ വീതി 20.1 മീറ്റർ ആണ്.
2. മുമ്പ് അംഗീകരിച്ച ഡെവ.പ്ലാൻ പ്രകാരം 16.9 മീറ്റർ നീളം 20.1 വീതി 1 മീറ്റർ ഉയരം -339.69 $M^3$ ബാക്കി വരുന്ന മണ്ണിന്റെ അളവ് 23 മീറ്റർ നീളം 20.1 വീതി 5 മീറ്റർ 2000 = 2311.50 $M^2$ ( 2651.19 $M^3$ ).

താലൂക്ക് സർവ്വേയറുടെ അളവ് പ്രകാരം ഈ ആഫീസിൽ നിന്നും അനുവദിച്ച പെർമിറ്റ് പ്രകാരമുള്ള അളവിൽ മാത്രമേ മണ്ണ് നീക്കം ചെയ്തിട്ടുള്ളൂവെന്ന് ബോധ്യപ്പെട്ടു. എന്നാൽ പെർമിറ്റ് അനുവദിച്ച സ്ഥലത്ത് കെട്ടിട നിർമ്മാണം നടത്താത്തിനാൽ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(7) പ്രകാരം മേൽ സ്ഥലത്തുനിന്നും നീക്കം ചെയ്യുവാൻ അനുവദിച്ച 2932 ക്യൂബിക് മീറ്റർ സാധാരണ മണ്ണിന് ക്യൂബിക് മീറ്ററിന് 40/-രൂപ നിരക്കിൽ റോയൽറ്റിയുടെ 5 മടങ്ങ് 5,86,400/- (അഞ്ച് ലക്ഷത്തി ൺപത്തിയാറായിരത്തി നാന്നൂറ് മാത്രം) സർക്കാരിലേക്ക് ഈടാക്കുന്നതിന് 11.04.2025 തീയതിയിൽ ജില്ലാ ആഫീസിൽ നിന്നും രജിസേർഡ് ഡിമാൻറ് നോടീസ് നൽകിയിരുന്നതാണ് . ആയതിന് ശേഷവും സ്ഥലമുടമ ഡിമാൻറ് തുക സർക്കാരിലേക്ക് ഒടുക്കിയിട്ടില്ലാത്തതാണ്. 17.04.2023 തീയതി മുമ്പ് നൽകിയ ഉത്തരവ് പ്രകാരം 1093 ക്യുബിക് മീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിന് ശ്രീ.മുഹമ്മദ് ഷംസീർ എന്നവർക്ക് ഉത്തരവ് പുതുക്കി നൽകിയിരുന്നു. അനുമതി നൽകി ഒരു വർഷം കഴിഞ്ഞതിനു ശേഷം 11.12.2024 തീയതിയിൽ മാത്രമാണ് ഇലക്ട്രിക് ലൈൻ കടന്നു പോകുന്നതായി കാണിച്ച് അപേക്ഷ ആഫീസിൽ നൽകിയത്. ഇതു സംബന്ധിച്ച ഒരു രേഖകളും അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്നില്ല. മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനകം കെട്ടിടത്തിന്റെ അടിത്തറ പണി പൂർത്തിയാക്കുന്നതാണെന്ന് കാണിച്ച് ശ്രീ.മുഹമ്മദ് ഷംസീർ സത്യവാങ്മൂലം സമർപ്പിച്ചിരുന്നു. ആഫീസ് ഫയൽ പരിശോധിച്ചതിൽ ഇലക്ട്രിക് ലൈൻ കടന്നു പോകുന്ന വിവരം മുൻകൂട്ടി ഈ ആഫീസിനെ അറിയിച്ചതായി കാണുന്നില്ല. കൂടാതെ 2023 ൽ UKTL സർവ്വേ ചെയ്തപ്പോൾ ബിൽഡിംങ് കെട്ടുവാൻ പറ്റില്ലെന്ന് അറിയിച്ചതായും, ഉഡുപ്പി കാസറഗോഡ് ട്രാൻസ്മിഷൻ ലൈൻ കടത്തി വിടുന്നതിനായി 2023 ൽ നടത്തിയ സർവ്വേ പ്രകാരം അലൈൻമെൻ്റ് മാർക്ക് ചെയ്തിട്ടുള്ളതാണ് എന്ന് അറിയിച്ച് ജില്ലാ കളക്ടർ ശ്രീ.മുഹമ്മദ് അഫ്സൽ എന്നയാൾക്ക് നൽകിയ കത്തും സ്കെച്ചും 04.06.2024 തീയതിയിൽ മാത്രമാണ് ഈ ആഫീസിൽ ഹാജരാക്കുകയുണ്ടായി . ടി രേഖകൾ പരിശോധിച്ചതിൽ അപ്രകാരം മേൽ സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ സാധിക്കുകയില്ല എന്ന് രേഖപ്പെടുത്തിയതായി കാണുന്നില്ല. കൂടാതെ സ്ഥലമുടമ കെട്ടിടം നിർമ്മിക്കാൻ സാധിക്കുകയില്ലായെന്ന് കോടോം-ബേളൂർ ഗ്രാമ പഞ്ചായത്തിനെ അറിയിച്ചിട്ടില്ലാത്തതും, അനുവദിച്ച ബിൽഡിംങ് പെർമിറ്റ് റദ്ദാക്കുകയും ചെയ്തതായി ഈ ആഫീസിനെ അറിയിച്ചിട്ടില്ലാത്തതാണ്. തുടർന്നും പിഴ തുക സർക്കാരിലേക്ക് ഒടുക്കാത്ത സാഹചര്യത്തിൽ ഡിമാന്റ് തുക സർക്കാരിലേക്ക് ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ജില്ലാ ജിയോളജിസ്റ്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ് എന്നും പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നു.

4. അപ്പീലധികാരി ഹർജിവിഷയം വിശദമായി പരിശോധിച്ചു. ശ്രീ. അഫ്സലിന് വീട് നിർമ്മിക്കാൻ അനുമതി നൽകിയ സ്ഥലത്തിലൂടെ ഉഡുപ്പി കാസറഗോഡ് ട്രാൻസ്മിഷൻ ലൈൻ കടത്തി വിടുന്നതിനായി 2023 ൽ നടത്തിയ സർവ്വേ പ്രകാരം അലൈൻമെൻ്റ് മാർക്ക് ചെയ്തിട്ടുള്ളതാണെന്ന് ജില്ലാ കളക്ടർ കത്ത് നല്കിയിട്ടുണ്ട്.കൂടാതെ അപേക്ഷകനെറ ജീവനും സ്വത്തിനും ഭീഷണിയാകുമെന്നുള്ളതിനാൽ വീട് നിർമ്മിക്കുന്നതിന് 02/11/2022-ൽ നൽകിയ പെർമിറ്റ് റദ്ദാക്കി കൊണ്ട് പഞ്ചായത്തിൽ നിന്നും പരാമർശം നാല് പ്രകാരം ഹർജിക്കക്ഷിക്ക് റദ്ദാക്കൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹർജിക്കക്ഷിയുടേതായ കുറ്റം കൊണ്ടല്ല കെട്ടിട നിർമ്മാണം നടത്താതിരുന്നത് എന്നതിനാൽ പരാമർശം ഒന്നിലെ നടപടിക്രമത്തിൽ പരാമർശിച്ചിരിക്കുന്ന പെനാൽറ്റി തുക ഒടുക്കുന്നതിൽ നിന്നും അപ്പീൽകക്ഷിയെ ഒഴിവാക്കിക്കൊണ്ട് ശ്രീ.മുഹമ്മദ് അഫ്സൽ, അസ്കർ

മൻസിൽ,കാലിച്ചാനടുക്കം, തായന്നൂർ, കാസർഗോഡ് സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
B AJITHA
ADDITIONAL SECRETARY

ശ്രീ.മുഹമ്മദ് അഫ്സൽ, അസ്കർ മൻസിൽ,കാലിച്ചാനടുക്കം, തായന്നൂർ, കാസർഗോഡ് 671314

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

ഡയറക്ടർ, മൈനിംഗ് & ജിയോളജി , തിരുവനന്തപുരം

ജില്ലാ ജിയോളജിസ്റ്റ്,കാസർഗോഡ്

വിവരം പൊതുജന സമ്പർക്ക് (വെബ് & ന്യൂമീഡിയ ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (എ4/292/2025-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 22-05-2026 15:42:29